പ്രകൃതി ദുരന്തങ്ങളെ പ്രതിരോധിക്കുന്നതിനുള്ള വനവൽക്കരണ പദ്ധതി

2 [377] ശ്രീ. തോമസ് ഉണ്ണിയാടൻ:
,, സി.ദിവാകരൻ:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) പ്രകൃതിദുരന്തങ്ങളെ പ്രതിരോധിക്കുന്നതിനുള്ള വനവൽക്കരണ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) സുനാമി ദുരന്തം പോലെയുള്ള ആകസ്മിക വിപത്തുകളെ അതിജീവിക്കുന്നതിന് ഈ പദ്ധതികൊണ്ട് കഴിയുമെങ്കിൽ അതിന്റെ രൂപരേഖയും പ്രാവർത്തിക പദ്ധതികളും വിശദമാക്കുമോ?

ഉത്തരം

(എ, ബി) പ്രകൃതി ദുരന്തങ്ങളെ പ്രതിരോധിക്കുന്നതിനുള്ള വനവൽക്കരണ പദ്ധതിയുടെ ഭാഗമായി കടൽത്തീര വനവൽക്കരണത്തിനായി 2150 ലക്ഷം രൂപയും നദീതീര സംരക്ഷണത്തിനായി 370 ലക്ഷം രൂപയും, വീട്ടുവളപ്പിലും കൃഷിയിടങ്ങളിലും മരം നട്ടുപിടിപ്പിക്കുന്നതിനായി 1180 ലക്ഷം രൂപയും, പിന്നോക്ക പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങളുടെ സംരക്ഷണത്തിനുവേണ്ടി 750 ലക്ഷം രൂപയും ഇൻഫ്രാസ്ട്രക്ചറിനായി 300 ലക്ഷം രൂപയും, ഗവേഷണം, പരിശീലനം, പ്രചരണം എന്നിവയ്ക്കായി 250 ലക്ഷം രൂപയും, ഓവർഹെഡ്സ് 500 ലക്ഷം രൂപയും അടക്കം 55 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 2005-2006-ൽ തുടങ്ങി 5 വർഷം കൊണ്ട് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. കടൽത്തീരത്ത് ജനപങ്കാളിത്തത്തോടെ കാറ്റാടി തുടങ്ങിയ മരങ്ങൾ വച്ചുപിടിപ്പിക്കുന്ന ഹരിതതീരം എന്നൊരു പദ്ധതിയും നടപ്പാക്കുന്നുണ്ട്. ആലപ്പാട് പഞ്ചായത്തിലെ 17 കി. മീറ്ററോളം കടൽത്തീരത്ത് ജനങ്ങളുടേയും മാതാ അമൃതാനന്ദമയി മഠത്തിന്റെയും സഹകരണത്തോടെ വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചുവരുന്നു. സുനാമി ബാധിത പ്രദേശങ്ങളിൽ വച്ചുപിടിപ്പിക്കുന്നതിനായി 7,55,000 കാറ്റാടിമരത്തിന്റെ തൈകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനും സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്.

പുഴകളുടെ സംരക്ഷണം

3 [378] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, എൻ. രാജൻ:
,, പി. എസ്. സുപാൽ:
,, എം. കുമാരൻ:
,, ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള പുഴകളുടെ സംരക്ഷണത്തിന് പ്രത്യേക പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം;

(സി) ഇതുസംബന്ധിച്ച് കേന്ദ്ര പ്ലാനിംഗ് ബോർഡ് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(ഡി) കഴിഞ്ഞ നാലു വർഷത്തിനിടയിൽ പുഴകളുടെ സംരക്ഷണത്തിന് കേന്ദ്രത്തിൽ നിന്നു പ്രത്യേക ധനസഹായം ലഭിച്ചിട്ടുണ്ടോ;

(ഇ) പമ്പാനദി, ഭാരതപ്പുഴ, പെരിയാർ തുടങ്ങിയ പുഴകളുടെ നാശത്തിന്റെ വക്കിലാണെന്നത് കണക്കിലെടുത്ത് ഇവ സംരക്ഷിക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ;

(എഫ്) പുഴകളിലെ ജല മലിനീകരണത്തിനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ, ബി) ഉണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട പത്ത് നദികളായ കരമനയാർ, കല്ലടയാർ, അച്ചൻകോവിലാർ, പമ്പ, മൂവാറ്റുപുഴ, പെരിയാർ, ചാലക്കുടിപ്പുഴ, ഭാരതപ്പുഴ, ചാലിയാർ, വളപട്ടണം എന്നിവ മലിനീകരണ വിമുക്തമാക്കാനും, സംരക്ഷിക്കാനുമായിട്ടുള്ള ആക്ഷൻ പ്ലാൻ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തയ്യാറാക്കി കേന്ദ്ര പരിസ്ഥിതി-വനമന്ത്രാലയത്തിന് അംഗീകാരത്തിനായി 1997-ൽ സമർപ്പിച്ചു. കൂടാതെ പുഴകളുടെ സംരക്ഷണത്തിനായി 47.33 കോടി അടങ്കൽ തുക വരുന്ന 23 പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ പമ്പ ആക്ഷൻ പ്ലാനിന് മാത്രമാണ് അനുമതി ലഭിച്ചത്.

(സി) ഇല്ല.

(ഡി) ഉണ്ട്. പമ്പാ ആക്ഷൻ പ്ലാനിന്റെ ആദ്യഘട്ടമായി 18.45 കോടി രൂപയ്ക്കുള്ള 12 പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

(ഇ) പമ്പാ നദി സംരക്ഷിക്കാനുള്ള പമ്പാ ആക്ഷൻ പ്ലാൻ നടപ്പിലാക്കി വരുന്നു. ഭാരതപ്പുഴ, പെരിയാർ തുടങ്ങിയ നദികളുടെ സംരക്ഷണത്തിന് കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണ്.

(എഫ്) പുഴകളുടെ മലിനീകരണം നിയന്ത്രിക്കാനായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചട്ടപ്രകാരമുള്ള നടപടികൾ എടുത്തുവരുന്നു. പുഴകളിലേക്ക് നേരിട്ടും അല്ലാതെയും മലിനജലം ഒഴുകുന്ന വ്യവസായശാലകൾ, ആശുപത്രികൾ മുതലായ സ്ഥാപനങ്ങളെ ബോർഡിന്റെ പരിധിയിൽ കൊണ്ടുവരികയും ചട്ടപ്രകാരമുള്ള നിബന്ധനാ വിധേയമായ അനുമതി പത്രം എടുപ്പിക്കുകയും, അനുമതി പത്രത്തിൽ നിഷ്കർഷിക്കുന്ന ഗുണനിലവാരത്തിൽ മലിനജലം എത്തിക്കാൻ മതിയായ മലിനജല ശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിക്കുകയും ചെയ്യുന്നു. കൂടാതെ പ്രധാന നദികളിലെ 102 സ്ഥലങ്ങളിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി ജലഗുണനിലവാരം ചിലയിടങ്ങളിൽ മാസം തോറും, ചിലയിടങ്ങളിൽ മൂന്ന് മാസത്തിലൊരിക്കലും നിർണ്ണയം ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പമ്പാ നദിയുടെ ജലം മലിനീകരണ നിർണ്ണയത്തിനു് ശബരിമല ഉത്സവകാലത്തു് മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഓഫീസും ലബോറട്ടറിയും പമ്പയിലും സന്നിധാനത്തും പ്രവർത്തിക്കുന്നു. തന്മൂലം പമ്പാ നദിയുടെ ജലമലിനീകരണം കുറയ്ക്കുവാൻ കഴിയുന്നുണ്ടു്. പെരിയാറിലേയ്ക്കു് വ്യവസായങ്ങൾ ഒഴുക്കുന്ന പാഴ്ജലം നിയന്ത്രിക്കുന്നതിനു് പ്രത്യേക പ്രാധാന്യം നൽകുകയും അതിനായി ഉദ്യോഗമണ്ഡലത്തിൽ ഉള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഓഫീസു് വിപുലീകരിക്കുകയും ചെയ്തിട്ടുണ്ടു്. കൂടാതെ മാനേജ്മെന്റ് ഫണ്ടു് ഉപയോഗിച്ചു് നദീതീര സംരക്ഷണ പ്രവർത്തികളും നടത്തിവരുന്നുണ്ടു്.

ഒതുക്കിൽ നഷ്ടപ്പെട്ട ചാരായ തൊഴിലാളികളെ ബിവറേജസ് കോർപ്പറേഷന്റെ മദ്യഷാപ്പുകളിൽ നിയമിക്കുന്ന നടപടി

4. [379] ശ്രീ. എ. എൻ. രാജൻ ബാബു:
ശ്രീമതി കെ. കെ. ഷാജു:

താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) തൊഴിൽ നഷ്ടപ്പെട്ട ചാരായ തൊഴിലാളികളെ ബിവറേജസ് കോർപ്പറേഷന്റെ മദ്യഷാപ്പുകളിൽ നിയമിക്കുന്ന കാര്യത്തിൽ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ;

(ബി) ബിവറേജസ് കോർപ്പറേഷനിൽ ഇതുവരെ എത്ര ചാരായ തൊഴിലാളികൾക്കു് നിയമനം ലഭിച്ചിട്ടുണ്ടു്;

(സി) കള്ളുഷാപ്പുകളിൽ എത്ര ചാരായ തൊഴിലാളികളെ നിയമിക്കുന്നതിനാണു് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതു്;

(ഡി) ഇതുവരെ എത്ര പേർക്കു് നിയമനം നൽകി;

(ഇ) ഇക്കാര്യത്തിൽ നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണു്;

(എഫ്) ഈ തടസ്സങ്ങൾ ഒഴിവാക്കുന്നതിനു് എന്തു നടപടി സ്വീകരിക്കാനാണു് സർക്കാർ ഉദ്ദേശിക്കുന്നതു് എന്നു് വ്യക്തമാക്കുമോ?

ഉത്തരം

(എ) 20-2-2002-ലെ സർക്കാർ ഉത്തരവു് നം. (ആർ.ടി.) 81/02/നി.വ. പ്രകാരം സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ മേഖലയിൽ തുറക്കുന്ന ചില്ലറ വിൽപ്പന ശാലകളിൽ ദിവസ വേതന ജീവനക്കാരുടെ ഒഴിവുകളിൽ 25 ശതമാനം അബ്കാരി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തതും 1-4-1996-ലെ ചാരായ നിരോധനം മൂലം തൊഴിൽ നഷ്ടപ്പെട്ടവരുമായ ചാരായ തൊഴിലാളികളെ നിയമിക്കണമെന്നും തുടർന്നു് 7-8-2004-ലെ സർക്കാരിന്റെ ഉത്തരവു് നം. 567/04/നി.വ. പ്രകാരം മരണമടഞ്ഞതുമായ തൊഴിലാളികളുടെ ആശ്രിതർക്കു് മേൽപ്പറഞ്ഞ നിയമനങ്ങൾ നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ടു്. ഇതുപ്രകാരം വിവിധ ജില്ലകളിലായി 51 പേരെ ബിവറേജസ് കോർപ്പറേഷനിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കാൻ തയ്യാറാണെങ്കിലും നിയമനം നൽകേണ്ടവരെ സംബന്ധിച്ച വിവരങ്ങൾ കേരള അബ്കാരി വർക്കേഴ്സ് വെൽഫെയർ ബോർഡിനോടു് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇതുവരെ ലഭിക്കാത്തതിനാൽ നിയമനം നൽകാൻ കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly